**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **04-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള അപവാദപ്രചരണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം മുകേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ബഹുമത, മതനിരപേക്ഷ സമൂഹത്തിൽ പുലർത്തേണ്ട ഉത്തരവാദിത്തം നിറവേറ്റാൻ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച സങ്കുചിത മത-വർഗ്ഗീയ ശക്തികൾ സാമൂഹ്യ വിഭജനത്തിനുപകരണമാക്കാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമം കർശനമായി തടയാൻ വേണ്ട ഇടപെടൽ നടത്തുമോ; | (എ) | കേരളം ഇന്ത്യയ്ക്ക് മാതൃകയാകുന്നത് മതനിരപേക്ഷ സമൂഹം എന്ന നിലയിൽ കൂടിയാണ്. നാനാജാതി, മതവിഭാഗങ്ങൾ പരസ്പരം സഹകരണത്തോടും, സഹിഷ്ണുതയോടും കൂടി ജീവിക്കുന്ന പ്രദേശമാണ് കേരളം. എന്നാൽ കേരളീയ സമൂഹത്തെ വിഷലിപ്തമാക്കാനും, വിഭജിക്കാനുമുള്ള തീവ്രശ്രമങ്ങളെ ശക്തമായി നേരിടാൻ നമുക്ക് കഴിഞ്ഞു. മതനിരപേക്ഷ പാരമ്പര്യത്തിന്റെ ബലത്തിലാണ് നാം അത്തരം വിഭാഗീയ ശ്രമങ്ങളെ എക്കാലവും മറികടക്കുന്നത്. മതപരമായി ജനതയെ ഭിന്നിപ്പിക്കാൻ വർഗ്ഗീയവാദികൾ നിരന്തരം ശ്രമിക്കുന്നുണ്ട്. മതനിരപേക്ഷതയുടെ പാഠങ്ങളിൽ നിന്നുകൊണ്ട് അതിനെ മറികടക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയത്. വർഗ്ഗീയ സംഘർങ്ങൾ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിച്ചത് തികഞ്ഞ മതനിരപേക്ഷ നിലപാടുകൾ സർക്കാർ സ്വീകരിച്ചതുകൊണ്ടാണ്. വാട്ട്സ്അപ്പ് ഹർത്താൽ പോലുള്ളവയും, വർഗീയ പ്രചരണങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കാൻ വർഗ്ഗീയ ശക്തികൾ വലിയ ശ്രമം നടത്തുന്നുണ്ട്. ഇത്തരം ഘട്ടത്തിലും കേരളത്തെ വർഗ്ഗീയ സംഘർഷങ്ങളിൽ നിന്ന് മുക്തമാക്കുന്നതിന് കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടമാണ്. മതസൗഹാർദ്ദത്തിൽ ഊന്നി നിന്നുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. സർക്കാർ നേതൃത്വത്തിൽ നിരവധി പരിപാടികൾ ഇക്കാര്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | വിവിധ വിഭാഗീയ ശക്തികൾ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന വിദ്വേഷ പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ഇത്തരം പ്രചരണങ്ങൾക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുമോ; | (സി) | സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ഡോം, ഹൈ-ടെക് സെൽ, കേരളാ പോലീസ് സോഷ്യൽ മീഡിയ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ സെൽ എന്നിവ പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും വ്യാജ ഐ.ഡി ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും IPC, IT ACTഎന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇക്കാര്യങ്ങൾ പോലീസ് ജാഗ്രതയോടെയാണ് കൈകാര്യം ചെയ്തു വരുന്നത്. |
| (ഡി) | ഇത്തരം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സാമൂഹ്യമാധ്യമങ്ങളിലൂടെ തുടർച്ചയായി നടക്കുന്ന അപവാദപ്രചരണങ്ങളും വിദ്വേഷപ്രചരണങ്ങളും നിരീക്ഷിച്ച് അത്തരക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ പോലീസ് ജാഗ്രത കാണിക്കുന്നുണ്ടോ? | (ഡി) | സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ഡോം, ഹൈ-ടെക് സെൽ, കേരളാ പോലീസ് സോഷ്യൽ മീഡിയ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ സെൽ എന്നിവ പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും വ്യാജ ഐ.ഡി ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും IPC, IT ACTഎന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇക്കാര്യങ്ങൾ പോലീസ് ജാഗ്രതയോടെയാണ് കൈകാര്യം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ